**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4842** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വനിതകൾക്ക് പരിശീലനവും തൊഴിലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വനിതകൾക്ക് വിമൻ ഓന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ റെസ്റ്റോറന്റ് മാനേജ്മെന്റ് ന്റെ ഭാഗമായി പരിശീലനവും തൊഴിലും നൽകുന്ന പദ്ധതിക്ക് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 വനിതകൾക്ക് വിമൻ ഓന്റർപ്രനർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ റെസ്റ്റോറന്റ് മാനേജ്മെന്റിൽ പരിശീലനം നൽകുന്നതിനും 4 ഷീ സ്മാർട്ട് കഫേ സ്ഥാപിക്കുന്നതിനും ആയി 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 28 ലക്ഷം രൂപ സ്റ്റേറ്റ് റിസോഴ്സ് സെന്റർ എന്ന സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക അർഹരായ പട്ടികജാതി വനിതകൾക്ക് നൽകാതെ വകമാറ്റി ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2016-17 വർഷം സ്റ്റേറ്റ് റിസോഴ്സ് സെന്റർ (SRC) മുഖേന നടപ്പിലാക്കിയ വിമൻ ഓന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ റെസ്റ്റോറന്റ് മാനേജ്മെന്റ് പദ്ധതിയിൽ 20 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നൽകി 5 വനിതകൾ വീതം ഉൾപ്പെട്ട 4 എസ്.സി ഗ്രൂപ്പുകൾക്ക് 4 കഫേകൾ SRC മുഖേന സ്ഥാപിച്ചു നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത് . ഈ പദ്ധതി പ്രകാരം എസ്.സി വനിതകൾക്ക് നേരിട്ട് പദ്ധതി തുക വിതരണം നടത്തുന്നില്ല. SRC മുഖേനയാണ് പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തിയത്. |
| (സി) | ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ